# മാലിക്ദീനാറും സംഘവും

അനന്തരം രാജാവ് പ്രസ്തുത ശൈഖിന്റെയും കൂട്ടുകാരുടെയും കൂടെ രാത്രി കപ്പൽ കയറി പുറപ്പെട്ടു കൊയിലാണ്ടിക്കടുത്ത് ഇറങ്ങി. അവിടെ ഒരു ദിവസം തങ്ങി. അവിടെനിന്ന് പുറപ്പെട്ട് ധർമപട്ടണ(ധർമടം)ത്തിൽ എത്തി രാജാവും കൂടെയുള്ളവരും അവിടെ താമസിച്ചു. പിന്നീട് ശഹർമുഖല്ലായിലേക്ക് പുറപ്പെട്ടു. ശഹർമുഖല്ലായിൽ ഇറങ്ങി രാജാവും കൂടെയുള്ളവരും അവിടെ താമസിച്ചു.

കുറേ കാലം കഴിഞ്ഞ ശേഷം രാജാവോടുകൂടി മലബാറിൽ എത്തി ഇസ്‌ലാംമതം പ്രചരിപ്പിക്കാനും പള്ളികൾ നിർമിക്കാനും അറബികളിൽ ചിലർ ആഗ്രഹിക്കുകയും ഈ വിവരം രാജാവിനെ ഉണർത്തുകയും അപ്രകാരം എല്ലാ സഹായസഹകരണങ്ങളും ചെയ്യാമെന്ന് രാജാവ് വാഗ്ദാനം ചെയ്യുകയും ചെയ്തു. ആ അടുത്തുതന്നെ രാജാവിനെ രോഗം ബാധിച്ചു. രോഗം കലശലായപ്പോൾ രാജാവ് മലബാർ യാത്രക്കുദ്ദേശിച്ചിരുന്നവരിൽ പ്രധാനികളായ ശറഫുബ്നുമാലിക്, അദ്ദേഹത്തിന്റെ മാതാവൊത്ത സഹോദരൻ മാലികുബ്നു ദീനാർ, സഹോദര പുത്രൻ മാലികുബ്നു ഹബീബിബ്നു മാലിക് എന്നിവരെയും വേറെ ചിലരെയും വിളിച്ച് ഇങ്ങനെ പറഞ്ഞു: 'ഞാൻ ഈ രോഗത്താൽ മരിച്ചുപോയാലും നിങ്ങൾ ആഗ്രഹിച്ച മലബാർ യാത്രയിൽനിന്ന് പിന്തിരിയരുത്.'

'നിങ്ങളുടെ രാജ്യം എവിടെയാണെന്നോ നിങ്ങളുടെ അധികാരാതിർത്തി ഏതാണെന്നോ ഞങ്ങൾക്കറിഞ്ഞുകൂടാ' എന്നായിരുന്നു അവരുടെ മറുപടി. ഇതുകേട്ട് രാജാവ് അൽപനേരം ആലോചിച്ചതിനു ശേഷം മലയാളഭാഷയിൽ ഒരു

**ക്രിസ്ത്യാനികളും** ജൂതന്മാരും ഓരോ സംഘക്കാർ കുടുംബസമേതം കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. കൊടുങ്ങല്ലൂർ, അന്നത്തെ രാജാവ് വസിച്ചിരുന്ന ഏറ്റവും പ്രശസ്തമായ തുറമുഖപട്ടണമായിരുന്നു. ആഗതരുടെ ആവശ്യാനുസരണം രാജാവ് വീടുകളും സ്ഥലങ്ങളും കൊടുത്തു അവരെ അവിടെ താമസിപ്പിച്ചു. കുറേ കൊല്ലം കഴിഞ്ഞതിനുശേഷം ഒരു സംഘം മുസ്‌ലിംകൾ കൊടുങ്ങല്ലൂർ തുറമുഖത്ത് വന്നിറങ്ങി. ആ സംഘത്തിൽ യോഗ്യനും വിദ്വാനുമായ ഒരു ശൈഖ് (നേതാവ്) ഉണ്ടായിരുന്നു. അവർ സിലോണിലുള്ള ആദംമലയിലെ അത്ഭുതങ്ങൾ (മനുഷ്യപിതാവായ ആദംപ്രവാചകരുടെ കാലടി) കാണാൻ അറേബ്യയിൽനിന്നു പുറപ്പെട്ടു, വഴിമധ്യേ ഇവിടെ ഇറങ്ങിയതായിരുന്നു. വിവരം അറിഞ്ഞ് രാജാവ് അവരെ വരുത്തി സാദരം അതിഥികളായി സ്വീകരിച്ചു. അവർ ഏതു രാജ്യക്കാരാണെന്നും എന്തു മതക്കാരാണെന്നും അവിടെ എന്തിനായി വന്നുവെന്നും മറ്റും രാജാവ് അവരോട് ചോദിച്ചു. അതിന് ശൈഖ് (നേതാവ്) ഇപ്രകാരം മറുപടി പറഞ്ഞു: 'ഞങ്ങൾ അറേബ്യരാജ്യക്കാരാണ്, അവിടെ മുഹമ്മദ് എന്നു പേരായ ഒരു നബി ഉണ്ടായിരുന്നു. അദ്ദേഹം വെളിപ്പെടുത്തിത്തന്ന പരിശുദ്ധ ഇസ്‌ലാംമതത്തിലെ അനുയായികളാണ് ഞങ്ങൾ.' അനന്തരം ഇസ്‌ലാമിനെയും ചന്ദ്രപ്പിളർപ്പ് എന്ന അത്ഭുതസംഭവത്തെയും കുറിച്ച് രാജാവിനെ അവർ പറഞ്ഞു കേൾപ്പിച്ചു. ഇത് കേട്ടപ്പോൾ ആ മതം സത്യമാണെന്ന് രാജാവ് വിശ്വസിക്കുകയും നബിയോട് അദ്ദേഹത്തിന് പ്രത്യേക സ്നേഹം തോന്നുകയും ചെയ്തു.

സിലോണിൽനിന്ന് മടങ്ങിപ്പോകുമ്പോൾ ശൈഖും സ്നേഹിതന്മാരും അതുവഴി ചെല്ലണമെന്നും എന്നാൽ താനും കൂടെ അറേബ്യയിലേക്കു പോരാമെന്നും രാജാവ് ശൈഖിനോട് പറഞ്ഞു. ശൈഖ് ഇത് സമ്മതിച്ചു. ഈ വിവരം വളരെ രഹസ്യമായി വെക്കാൻ രാജാവ് ശൈഖിനെ പ്രത്യേകം ഉണർത്തി. അങ്ങനെ അവർ സിലോണിൽ പോയി തിരിച്ചുപോകുമ്പോൾ വാഗ്ദാനപ്രകാരം രാജാവിനെ സന്ദർശിച്ചു. രാജാവ് ശൈഖിനോട് യാത്രക്കുള്ള കപ്പൽ മുതലായ എല്ലാ ഒരുക്കങ്ങളും വളരെ രഹസ്യമായി ചെയ്യണമെന്ന് നിർദേശിച്ചു. അപ്രകാരംതന്നെ ശൈഖ് എല്ലാ ഒരുക്കങ്ങളും ചെയ്തു. കൊടുങ്ങല്ലൂർ തുറമുഖത്ത് വിദേശങ്ങളിൽനിന്ന് അനേകം കച്ചവടക്കപ്പലുകൾ വന്നിരുന്നു. അതിൽപെട്ട ഒരു കപ്പൽക്കാരനോട് താനും കൂടെയുള്ളവരും അറേബ്യയിലേക്ക് പോകുന്നുണ്ടെന്നും അതുകൊണ്ട് കപ്പൽ തങ്ങളുടെ യാത്രക്ക് അനുവദിക്കേണമെന്നും ആവശ്യപ്പെട്ടു. കപ്പലുടമസ്ഥൻ അത് സ്വീകരിച്ചു.

രാജാവ് യാത്രക്കടുത്തപ്പോൾ ഏഴു ദിവസത്തേക്ക് കുടുംബങ്ങളെയും മന്ത്രിമാരെയും തന്നെ കാണാൻ ചെല്ലുന്നത് വിലക്കി. കേരളത്തിന്റെ തെക്കേയറ്റമായ കന്യാകുമാരി മുതൽ വടക്ക് കാസറകോടുവരെ ഇദ്ദേഹമായിരുന്നു രാജ്യം ഭരിച്ചിരുന്നത്. മേൽപറഞ്ഞ സ്ഥലങ്ങളെ പലതായി ഭാഗിച്ച് ഓരോ ഭാഗത്തേക്കും വേണ്ട നിയമങ്ങൾ ഉണ്ടാക്കി. ഓരോന്നിന്റെയും ആധിപത്യം രാജകുടുംബത്തിലെ ഓരോ അംഗത്തെ ഭരമേൽപിച്ചു. ഇത് മലയാളിഹിന്ദുക്കളുടെ ഇടയിൽ ചരിത്രപ്രസിദ്ധമായ ഒരു സംഭവമാണ്.

കത്തെഴുതി. ആ കത്തിൽ രാജ്യത്തിന്റെ പേരുകളും രാജാവിന്റെ അടുത്ത ബന്ധുക്കളുടെ വിവരങ്ങളും മറ്റെല്ലാ സംഗതികളും വിവരിച്ചിട്ടുണ്ടായിരുന്നു. അവർ പോയാൽ ധർമപട്ടണം, തെക്കൻ കൊല്ലം, പന്തലായിനി (കൊയിലാണ്ടി), കൊടുങ്ങല്ലൂർ എന്നീ നാലു ദിക്കുകളിൽ ഏതെങ്കിലും ഒരു സ്ഥലത്തു ഇറങ്ങണമെന്നും തന്റെ രോഗസ്ഥിതിയും താൻ മരിച്ചുപോയാൽ ആ വിവരവും മലബാറുകാരിൽനിന്ന് മറച്ചുവെച്ചേക്കണമെന്നും പറഞ്ഞിരുന്നു. ശറഫുബ്നുമാലിക് പക്കൽ രാജാവ് കത്ത് കൊടുത്തു. ഏറെ താമസിയാതെ രാജാവ് കാലധർമം പ്രാപിച്ചു.

ഒട്ടും താമസിക്കാതെ തന്നെ ബഹുമാന്യരായ ശറഫുബ്നുമാലിക്, മാലികുബ്നുദീനാർ, മാലികുബ്നുഹബീബിബ്നുമാലിക്, ഇദ്ദേഹത്തിന്റെ ഭാര്യ ഖുമുരിയ എന്ന സ്ത്രീ, ഇവരുടെ മക്കൾ, അനുഗാമികൾ എന്നിവരും മറ്റു ചുലരും കൂടി മലബാറിലേക്ക് കപ്പൽ കയറി. അവർ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി. രാജാവ് കൊടുത്തയച്ച കത്ത് അവിടുത്തെ അന്നത്തെ രാജാവുവശം കൊടുത്തു. രാജാവിന്റെ മരണവാർത്ത ഗൂഢമായി വെക്കുകയും ചെയ്തു. അവിടുത്തെ രാജാവ് കത്തുവായിച്ചു അതിൽ പറഞ്ഞതനുസരിച്ച് അവർക്കാവശ്യപ്പെട്ട ഭൂമികളും, തോട്ടങ്ങളും, വീടുകളും, പാടങ്ങളും മറ്റും ഏൽപിച്ചുകൊടുത്തു. അവർ അവിടെ താമസമായി.

പിന്നിട് അവർ അവിടെ ഒരു പള്ളി പണിചെയ്യിച്ചു. മാലികുബ്നു ദീനാർ അവിടെ താമസമുറപ്പിച്ചു. മലബാറിലെ മറ്റു സ്ഥലങ്ങളിൽപോയി പള്ളി പണിചെയ്യിക്കേണ്ടതിനും ഇസ്ലാംമതപ്രചാരണത്തിനുമായി മാലികുബ്നുഹബീബിനെ നിശ്ചയിച്ചു. മാലികുബ്നുഹബീബും ഭാര്യ ഖുമുരിയ്യ എന്ന സ്ത്രീയും മക്കളിൽ ചിലരും തെക്കൻകൊല്ലത്തേക്ക് പോയി. അവിടെ ഒരു പള്ളി പണിചെയ്യിച്ചു. ഭാര്യയെ അവിടെ താമസിപ്പിച്ചു. ഇദ്ദേഹം കൊല്ലത്തുനിന്നു ഹേലി(ഏഴിമല)ക്കും അവിടെനിന്ന് പാക്കനൂർ എന്ന സ്ഥലത്തും പോയി ഓരോ പള്ളി പണിയിച്ചു. അവിടെനിന്ന് കാഞ്ഞർകോത്ത്(കാസർഗോഡ്)പോയി ഒരു പള്ളി പണിചെയ്യിച്ചതിനുശേഷം അദ്ദേഹം വീണ്ടും ഹേലി(ഏഴിമല)ക്കുതന്നെ തിരിച്ചു. മൂന്നുമാസക്കാലം അവിടെ താമസിക്കുകയും അവിടെ നിന്നു അദ്ദേഹം ജർപതൻ (ശ്രീകണ്ഠപുരം), ധർമപട്ടണം(ധർമടം), പന്തലായിനി(കൊയിലാണ്ടി), ചാലിയം എന്നിവിടങ്ങളിൽ ഓരോ പള്ളി പണിചെയ്യിച്ചു. ചാലിയം പള്ളിപ്പണികഴിഞ്ഞതിനു ശേഷം അദ്ദേഹം അവിടെ അഞ്ചു മാസം താമസിച്ചു.

അനന്തരം അവരുടെ പിതൃവ്യൻ മാലികുബ്നു ദീനാറുമായി കാണേണ്ടതിന് കൊടുങ്ങല്ലൂരിലേക്ക് തിരിച്ചു. അതിനുശേഷം അദ്ദേഹം താൻ പണിയിച്ച എല്ലാ പള്ളികളിലും പോയി നമസ്കരിച്ചു. ഹിന്ദുക്കൾ നിറഞ്ഞ ഒരു രാജ്യത്ത് ഇസ്ലാംമതം പ്രചരിപ്പിക്കാനായതിൽ സന്തോഷഭരിതനായി അല്ലാഹുവെ സ്തുതിച്ച് ശേഷം കൊടുങ്ങല്ലൂരിലേക്കുതന്നെ തിരിച്ചു. മാലികുബ്നു ദീനാറും മാലികുബ്നു ഹബീബും സ്നേഹിതന്മാരും ഭൃത്യന്മാരോടുകൂടി കൊല്ലത്തേക്കുപോയി. മാലികുബ്നു ദീനാറും ചില സ്നേഹിതന്മാരും അവിടെനിന്ന് ശഹർമുഖല്ലായിലേക്കുതന്നെ മടങ്ങുകയും ബാക്കിയുള്ളവർ ഇവിടെ താമസമാക്കുകയും ചെയ്തു. മാലികുബ്നുദീനാർ മുതലായവർ ശഹർമുഖല്ലായിൽവെച്ച് നിര്യാതനായ രാജാവിന്റെ ഖബ്ർ സന്ദർശിച്ചു. അവിടെനിന്ന് അവർ ഖുറാസാനിലേക്ക് പോയി. അവിടെ വെച്ചാണ് മാലികുബ്നു ദീനാർ ചരമഗതിയടഞ്ഞത്. മാലികുബ്നു ഹബീബ് മക്കളിൽ ചിലരെ കൊല്ലത്ത് ഏൽപിച്ചുകൊണ്ട് ഭാര്യയോടു കൂടി കൊടുങ്ങല്ലൂരിലേക്ക് മടങ്ങി. അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത് അവിടെ വെച്ചാണ്.

മലബാറിൽ ഇസ്ലാംമതം പ്രചാരത്തിലായ ചരിത്രം ഇപ്രകാരമാണ്. ഇത് ഏതു കൊല്ലത്തിലാണെന്ന് സ്ഥിരമായ വിവരം കിട്ടിയിട്ടില്ലെങ്കിലും ഹിജ്റ രണ്ടാം (ക്രി. എട്ടാം) നൂറ്റാണ്ടിനു ശേഷമാണെന്നാണ് ബലമായ പക്ഷം.

(ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ *തുഹ്ഫത്തുൽ മുജാഹിദീൻ*- വിവ. മർഹൂം കെ. മൂസ്സാൻ കുട്ടി മൗലവി, 1971-ൽനിന്ന്).